**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4330** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ സപ്പോർട്ട് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ സപ്പോർട്ട് പ്രോഗ്രാമിന്റെ ഭാഗമായി 2022 മുതൽ നാളിതുവരെ എത്ര പേർക്ക് എത്ര രൂപ നിരക്കിൽ സഹായം നൽകി എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ? | (എ) | ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ സപ്പോർട്ട് പ്രോഗ്രാം എന്ന പദ്ധതി നിലവിലില്ല. ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ പ്രോഗ്രാം എന്ന പദ്ധതി എല്ലാ സാമ്പത്തിക വർഷവും വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഈ പ്രോഗ്രാമിലൂടെ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നില്ല. ജില്ല-താലൂക്ക്-ബ്ലോക്ക് തലങ്ങളിൽ വിവിധ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന പ്രോഗ്രാമുകൾക്കാണ് തുക ചെലവഴിക്കുന്നത്. സംരംഭകത്വ വികസന പരിശീലനം, ടെക്നോളജി ക്ലിനിക്ക്, ടെക്നോളജി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം, വിവിധ ബ്ലോക്കുതലത്തിൽ സംഘടിപ്പിക്കുന്ന സംരംഭക ബോധവത്കരണ പരിപാടി, താലൂക്ക്-ജില്ലാതലങ്ങളിൽ നടത്തുന്ന നിക്ഷേപകസംഗമം എന്നിവയാണ് ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾ. മേൽ സൂചിപ്പിച്ച പരിപാടികളിലായി 2022 മുതൽ നാളിതുവരെ 58085-ഓളം സംരംഭകരെ പങ്കെടുപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ